# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *642

30-07-2015-ൽ മറുപടിക്ക്

### ബ്രഹ്മോസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട്.എൻ.കൃഷ്ണൻ നായർ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ബ്രഹ്മോസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ; | (എ) ബ്രഹ്മോസിന്റെ ചെയർമാൻ, DRDO, ISRO, ബ്രഹ്മോസ് ഏറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡ് (BAPL) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ, 2 സ്വതന്ത്ര ഡയറക്ടർമാർ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എന്നിവരടങ്ങുന്ന ഡയറക്ടർ ബോർഡ്, ബ്രഹ്മോസ് ഏറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിന്റെ (BATL) പ്രവർത്തന പുരോഗതി പതിവായി അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) ബ്രഹ്മോസ് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ? | (ബി) രാജ്യത്തിന്റെ ബഹിരാകാശം, ആണവം, പ്രതിരോധം തുടങ്ങിയ തന്ത്രപ്രധാനമായ മേഖലകളിൽ ആവശ്യമുള്ള ഉയർന്ന സാങ്കേതികവിദ്യ വേണ്ട ഉൽപ്പന്നങ്ങളുടെ നിർമ്മിതി, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ, കെൽടെകിലെ ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ എന്നിവ ലക്ഷ്യമിട്ടാണ് ബ്രഹ്മോസ് ഏറോസ്പേസ് (പ്രൈ) ലിമിറ്റഡ് രൂപീകരിച്ചത്. ബ്രഹ്മോസ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു :-<br><br>(i) **<u>അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക:</u>**<br><br>കമ്പനി ഏറ്റെടുത്തതിന് ശേഷം ISRO യിൽ നിന്നും 25 കോടി രൂപയുടെയും DRDO യിൽ നിന്ന് 50 കോടി രൂപയുടെയും ധനസഹായം ലഭിക്കുകയും |

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദന ശേഷി ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കമ്പനിയും സ്വന്തം ആസ്തിയിൽ നിന്നും യന്ത്രസാമഗ്രികൾക്ക് വേണ്ടി നിക്ഷേപം നടത്തിയിട്ടുമുണ്ട്.

**(ii) ജീവനക്കാർ:**

എല്ലാ സ്ഥിരം ജീവനക്കാരെയും നില നിർത്തിക്കൊണ്ടും ഏതാനും വിഭാഗത്തിലുള്ള കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയും 2008 ലും 2013 ലും രണ്ടു പ്രാവശ്യമായി വേതനാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും കമ്പനി ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചിട്ടുണ്ട്.

**(iii) സാമ്പത്തിക സ്ഥിതി:**

കേരള സർക്കാർ കെൽടെക്കിന്റെ വസ്തു വകകളും ബാധ്യതകളും ജീവനക്കാരുമുൾപ്പെടെ ഡിസംബർ 2007 ൽ ബ്രഹ്മോസ് ഏറോസ്പേസ് (പ്രൈ) ലിമിറ്റഡിന് (BAPL) കൈമാറിയിട്ടുണ്ട്. കെൽടെക്കിന്റെ പേര് ബ്രഹ്മോസ് ഏറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ളതുമാകുന്നു. ഡിസംബർ 2007 ൽ ഏറ്റെടുക്കുമ്പോൾ കമ്പനിയുടെ മൂലധനം 20.56 കോടി രൂപയും സഞ്ചിത നഷ്ടം 18.65 കോടി രൂപയുമായതിൻ പ്രകാരം ആകെ ആസ്തി 1.91 കോടി രൂപയുമായിരുന്നു.

കമ്പനി ഏറ്റെടുത്തതിനു ശേഷം 2007-08 ൽ വിറ്റുവരവ് 14.11 കോടി രൂപയായിരുന്നത് 2014-15 ൽ 43.50 കോടി രൂപയായി ഉയർന്നു. 2007 ഡിസംബറിൽ കമ്പനി ഏറ്റെടുത്തതിനു ശേഷമുള്ള ആദ്യ കാലയളവിൽ കമ്പനി ലാഭമുണ്ടാക്കിയിരുന്നെങ്കിലും, തുടർന്ന് 2013-14 വരെയുള്ള നാല് വർഷങ്ങളിൽ കമ്പനിയ്ക്ക് നഷ്ടം സഹിക്കേണ്ടി വരികയും, തൻമൂലം സഞ്ചിത നഷ്ടം 24.20 കോടി രൂപയോളം ആകുകയും ചെയ്തു. ഇത്

പ്രധാനമായും ഏറ്റെടുക്കൽ സമയത്തുണ്ടായിരുന്ന സഞ്ചിത നഷ്ടം മുന്നോട്ട് എടുത്തതിനാലും 2008 ലും പിന്നീട് 2013 ലുമായി രണ്ടു പ്രാവശ്യം നടത്തിയ ജീവനക്കാരുടെ വേതന വർദ്ധനവിനാലും ആയിരുന്നു. അങ്ങനെ ആകെ ആസ്തി 3.64 കോടി രൂപയോളം കുറവിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. അനന്തര ഫലമായി കമ്പനി BIFR ലേയ്ക്ക് റഫർ ചെയ്യപ്പെടുകയുണ്ടായി.

പ്രൊവിഷണൽ കണക്കുകൾ പ്രകാരം 2014-15 വർഷത്തിൽ കമ്പനി 43.59 കോടിയുടെ വിറ്റുവരവും 0.79 കോടിയുടെ ലാഭവും നേടി തൽഫലമായി സഞ്ചിത നഷ്ടം 23.41 കോടി രൂപയായും കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മത്സരമേറിയ വിപണിയിൽ നിലയുറപ്പിക്കുന്നതിനുമായി കമ്പനി ഉൽപ്പാദന ശ്രേണി വിപുലീകരിക്കുന്നതിനും വർദ്ധിത മൂല്യമുള്ള ഉപഭോക്താക്കളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നുണ്ട്. ISRO, BAPL, DRDL മുതലായ വർദ്ധിതമൂല്യമുള്ള ഉപഭോക്താക്കളിൽ നിന്നും ഭാവിയിൽ കൂടുതൽ ഓർഡറുകൾ നേടാൻ കമ്പനി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദനവും വിൽപ്പനയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്. വിൽപ്പന ടാർജെറ്റ് ക്രമാനുഗതമായി വർദ്ധിപ്പിച്ചുകൊണ്ടും മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിച്ചും സഞ്ചിത നഷ്ടം പടിപടിയായി ഇല്ലായ്മ ചെയ്യാമെന്നും കമ്പനിയുടെ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാമെന്നും പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ